പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3040 **29-10-2026-ൽ മറുപടിയ്ക്ക്**

സ്ഥലം മാറ്റം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. പ്രഭാകരൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഭരണപരമായ യാതൊരുവിധ കാരണങ്ങളോ പരാതികളോ ഇല്ലാതെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും പ്രഥമ അധ്യാപകരെയും വിദൂര ജില്ലകളിലേക്ക് സ്ഥലംമാറ്റുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, പ്രഥമ അധ്യാപകർക്കും സ്ഥലം മാറ്റം നൽകിയിട്ടുണ്ട്

(ബി) പാലക്കാട് ജില്ലയിലെ ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ വ്യക്തമായ കാരണങ്ങളില്ലാതെ കോട്ടയം ജില്ലയിലെ സ്ഥലിലേക്ക് മാറ്റിയ ഉത്തരവ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മരവിപ്പിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(സി) അധ്യാപക സംഘടനാ പ്രവർത്തനത്തിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ രാഷ്ട്രീയ പ്രേരിതമായി സ്ഥലംമാറ്റ നടപടികൾ സ്വീകരിക്കുന്നുവെന്ന പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: അധ്യാപക സംഘടനാ പ്രവർത്തനത്തിൻറെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ രാഷ്ട്രീയ പ്രേരിതമായി സ്ഥലംമാറ്റം നൽകിയിട്ടില്ല.

(ഡി) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവുകൾ മാനിച്ചുകൊണ്ട് മാനദണ്ഡങ്ങൾ പാലിച്ച് മാത്രം സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുമോ?

മറുപടി: പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള മാനദണ്ഡങ്ങളും ചട്ടങ്ങളും പാലിച്ച് സ്ഥലംമാറ്റം നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ